

# സൈബർ ജാലകം

## -A WINDOW TO WORLD OF COMPUTERS-

ലിറ്റിൽ കൈറ്റ്സ് മാഗസിൻ

എ.കെ.കെ.ആർ എച്ച് എസ് ഫോർ ബോയ്സ്, ചേളന്നൂർ

# സൈബർ ജാലകം



-A WINDOW TO WORLD OF COMPUTERS-

**എ.കെ.കെ.ആർ എച്ച് എസ് ഫോർ ബോയ്സ്, ചേളന്നൂർ**

# ആമുഖം

കേരളത്തിലെ പൊതുവിദ്യഭ്യാസരംഗം ചടുലമാക്കുന്നതിനും അർഥപൂർണമായ ഇടപെടലുകളിലൂടെ സാങ്കേതികവിദ്യ രംഗത്ത് നല്ല രീതിയിൽ ഉള്ള പ്രവർത്തനം കാഴ്ചവെക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തിലൂടെ സ്കൂൾ വിദ്യഭ്യാസ രീതിയിലേക്ക് കടന്നു വന്ന സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഇന്ന് വിവരസാങ്കേതിക വിദ്യാ മേഖലയിൽ സ്കൂൾ വിദ്യാഭ്യാസ വ്യവസ്ഥയിൽ വാൻ കുതിച്ചു ചാട്ടത്തിനു വഴിയൊരുക്കിയിരിക്കുന്നു.അതിൻറെ ഭാഗമായി തയ്യാറാക്കിയ സ്കൂൾ മാഗസിനിൽ വിദ്യാർത്ഥികൾ സ്വന്തം തന്നെ മലയാളം സ്ക്രിപ്റ്റ് ഉപയോഗിച്ച് തയ്യാറാക്കിയ മാഗസിൻ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ശ്രമം ഫലമായി ഉരുത്തിരിഞ്ഞ ഒന്നാണ്.ഇതിനാൽ തന്നെ ഏവരെയും വിദ്യാർത്ഥികൾ തയ്യാറാക്കിയ ഈ മാഗസീനിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

AKKR HS FOR BOYS

# ഉള്ളടക്കം


| Sl.No. | INDEX | Pg No: |
| --- | --- | --- |
| 1. | ഉബുണ്ടു | 12 |
| 2. | പൂക്കാതിക്കാനെനിക്കാവതില്ലേ | 13 |
| 3. | ഒരു ദൈവ സന്ദേശം | 14 |
| 4. | കെണിയിൽപ്പെട്ട പ്രാവുകൾ | 15 |
| 5. | ഹേ പുഷ്പമേ | 16 |
| 6. | മാനുഷാ നീ ഇന്ന് മാനവനോ | 17 |
| 7. | കേരളം ഗാനം | 18 |
| 8. | പൂവ് | 19 |
| 9. | പാടവരമ്പത്തിന്റെ പെണ്ണ് | 20 |
| 10. | നക്ഷത്രവും പൂവും | 21 |
| 11. | മാമ്പഴം | 22 |
| 12. | നീലശംഖുപുഷ്പങ്ങളുടെ താഴ്വര | 23 |
| 13. | വൈക്കം മുഹമ്മദ് ബഷീർ | 24 |
| 14. | വേൾഡ് വൈഡ് വെബ് | 25 |
| 15. | എന്ത് നീ നേടുന്നു? | 26 |
| 16. | ഒഴിവു ദിവസം | 27 |
| 17. | വേർപാട് | 28 |
| 18. | പോകൂ പ്രിയപ്പെട്ട പക്ഷീ | 29 |
| 19. | ഇന്റർനെറ്റ് | 29 |
| 20. | സന്തോഷത്തിന്റെ രഹസ്യം | 30 |
| 21. | The End | 32 |


AKKR HS FOR BOYS

# സന്ദേശം



പൊതുവിദ്യാലയത്തിലെ വിവര സാങ്കേതിക വിദ്യാഭ്യാസം മെച്ചപ്പെടുതുന്നതിനു വേണ്ടി തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളിലൂടെയും വിദ്യാർത്ഥികളുടെ കഴിവും സാങ്കേതികതയും മെച്ചപ്പെടുത്തുവാൻ വളരെയധികം സഹായിച്ചു.അതിൻറെ തന്നെ ഭാഗമായി കുട്ടികൾ തന്നെ തയ്യാറാക്കിയ കൈറ്റ്സ് മാഗസിൻ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ശ്രമഫലത്തിൻറെ ഭാഗമായാണ് യാഥാർഥ്യമായത്.അതിനാൽ തന്നെ ഈ സാരംഭത്തിന്റെ വിജയത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

AKKR HS FOR BOYS

എന്ന്

**അനിൽ കുമാർ പി കെ**
പ്രധാന അധ്യാപകൻ

# സന്ദേശം



പൊതു വിദ്യാലയത്തിന് കീഴിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ വിവര സാങ്കേതിക വിദ്യ വിപുലമാക്കാൻ വേണ്ടി ഇത്തരം പ്രവർത്തനങ്ങൾ വളരെ അധികം സഹായകമാണ്.ലിറ്റിൽ കൈറ്റ്സ് പോലുള്ള വിദ്യാർത്ഥികളുടെ കൂട്ടായ്മ വിവരസാങ്കേതിക മേഖലയിൽ നല്ലൊരു സംരംഭമാണ്.ആയതിനാൽ തന്നെ വിദ്യാർത്ഥികൾ തങ്ങളുടെ കഠിന പ്രവർത്തനനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

AKKR HS FOR BOYS

എന്ന്,

**വിനിത കുമാരി എം**
കൈറ്റ്സ് മിസ്ട്രസ്

# സന്ദേശം



വിവര സാങ്കേതിക വിദ്യയിലൂടെ കുട്ടികളെ അറിവിന്റെ പൂങ്കാവനത്തിലേക്കു എത്തിച്ച ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിന് എൻറെ എല്ലാ ഭാവുകങ്ങളും നൽകുന്നു.

എന്ന്

**ശശി കുമാർ യു**

കൈറ്റ്സ് മാസ്റ്റർ

AKKR HS FOR BOYS

# ഉബുണ്ടു

പ്രമുഖ ഗ്നു/ലിനക്സ് വിതരണമായ ഡെബിയൻ ആധാരമാക്കി നിർമ്മിച്ചിരിക്കുന്ന ഒരു സ്വതന്ത്ര കമ്പ്യൂട്ടർ ഓപ്പറേറ്റിങ് സിസ്റ്റമാണ് ഉബുണ്ടു.വളരെ അധികം ജനപ്രീതിയാർജ്ജിച്ചൊരു ലിനക്സ് വിതരണമാണിത്. ദക്ഷിണാഫ്രിക്കൻ വ്യവസായിയായ മാർക്ക് ഷട്ടിൽവർത്തിന്റെ നേതൃത്വത്തിലുള്ള കാനോനിക്കൽ ലിമിറ്റഡ് എന്ന കമ്പനിയാണ് ഉബുണ്ടു സ്പോൺസർ ചെയ്യുന്നത്. സ്വതന്ത്ര സോഫ്റ്റ്‌വെയറായ ഈ ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ പേര് ദക്ഷിണാഫ്രിക്കയിലെ ഉബുണ്ടു തത്ത്വചിന്തയിൽ നിന്നും സൃഷ്ടിച്ചതാണ്.

ലളിതമായ ഇൻസ്റ്റലേഷനും ഉപയോഗക്ഷമതയുമുള്ള തുടർച്ചയായി നവീകരിക്കുന്ന, സ്ഥിരതയുള്ള ഓപ്പറേറ്റിങ് സിസ്റ്റമാണ് ഉബുണ്ടു. 2010 ഏപ്രിലിൽ കാനോനിക്കൽ നടത്തിയ അവകാശവാദമനുസരിച്ച് ഉബുണ്ടു 1.2 കോടി ആൾക്കാർ ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ ലിനക്സ് ഉപയോഗിക്കുന്നവരിൽ ഉബുണ്ടു ഉപയോഗിക്കുന്നവർ 50% ആണെന്ന് ഇന്റർനെറ്റ് ഉപയോഗത്തിന്റെ കണക്കുകളിൽ സമർത്ഥിക്കപ്പെടാറുണ്ട്, വെബ് സെർവറുകൾക്കിടയിലും ഉബുണ്ടു വ്യാപകമായിക്കൊണ്ടിരിക്കുന്നു

ഓപ്പൺ സോഴ്സ് അനുമതിയുള്ള വിവിധ സോഫ്റ്റ്‌വേർ പാക്കേജുകൾ ഉപയോഗിച്ചാണ് ഉബുണ്ടു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഗ്നു സാർവ്വ ജനിക അനുമതി (GNU General Public License) ആണ് പ്രധാന അനുമതി, ഒപ്പം തന്നെ ഗ്നു ലഘു സാർവ്വ ജനിക അനുമതിയും (GNU Lesser General Public License) ഉപയോഗിച്ചിട്ടുണ്ട്. ഇത് ഉപയോക്താക്കൾക്ക്, ഉബുണ്ടു പ്രവർത്തിപ്പിക്കാനും, വിതരണം ചെയ്യാനും, പകർത്താനും, മാറ്റം വരുത്താനും, പഠനങ്ങൾ നടത്താനും, വികസിപ്പിക്കാനും, അഴിച്ചുപണിയാനുമുള്ള അവകാശം നൽകുന്നു. കാനോനിക്കൽ ലിമിറ്റഡ് ആണ് ഉബുണ്ടുവിനായി പണം മുടക്കുന്നതെങ്കിലും,

ഉബുണ്ടുവിനെ സ്വതന്ത്ര സോഫ്റ്റ്‌വേറായി നിർവ്വചിച്ചിരിക്കുന്നതിനാൽ സമൂഹത്തിലുള്ള വിദഗ്ദ്ധരുടെയും അവിദഗ്ദ്ധരുടെയും സേവനവും പ്രയോജനപ്പെടുത്താൻ കഴിയുന്നു. ഉബുണ്ടു വിൽക്കുന്നതിനു പകരം ഉബുണ്ടുവിനാവശ്യമായ സേവനങ്ങളും സാങ്കേതികസഹായവും പണം വാങ്ങി നൽകുന്നതുവഴിയാണ് കാനോനിക്കൽ പണം ശേഖരിക്കുന്നത്.

ഉബുണ്ടുവിന്റെ പുതിയ പതിപ്പുകൾ എല്ലാ ആറുമാസവും പുറത്തിറങ്ങുന്നു. അതിനു ശേഷം 18 മാസം ആ പതിപ്പിന് സഹായങ്ങളും ലഭ്യമാണ്. എൽ.ടി.എസ് (LTS - Long Term Support) എന്നറിയപ്പെടുന്ന പതിപ്പുകൾ രണ്ട് വർഷം കൂടുമ്പോൾ പുറത്തിറങ്ങുന്നു. ഇത്തരം പതിപ്പുകളുടെ ഡെസ്ക്ടോപ്പ് പതിപ്പുകൾക്ക് 3 വർഷവും, സെർവർ പതിപ്പുകൾക്ക് 5 വർഷവും ഔദ്യോഗിക സഹായം ലഭ്യമാണ്.

## ഇന്ത്യയിൽ


ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റിങ് സിസ്റ്റമാണ് ഉബുണ്ടു എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 50% ആണ് വാർഷികവളർച്ച. ഇന്ത്യയിൽ ഡെൽ, എച്ച്.പി. തുടങ്ങിയ കമ്പനികൾ ഉബുണ്ടു ഇൻസ്റ്റോൾ ചെയ്ത കമ്പ്യൂട്ടറുകൾ വിൽക്കുന്നുണ്ട്. ബംഗളുരുവിലെ നാരായണ ഹൃദയാലയ, ഓൺലൈൻസ് ഡയറക്ടറി സർവീസ് ആയ ജസ്റ്റ്ഡയൽ തുടങ്ങിയവയൊക്കെ പ്രവർത്തിക്കാൻ ഉബുണ്ടു ഉപയോഗിക്കുന്നു. സർക്കാർ മേഖലയിലും വിദ്യാഭ്യാസമേഖലയിലും ഉബുണ്ടു ശക്തമായ സാന്നിദ്ധ്യമാണ്. ഉത്തർ പ്രദേശ് സർക്കാരിന്റെ 15 ലക്ഷം ലാപ്ടോപ്പ് ഉടമ്പടിയും, ഡൽഹി സർവ്വകലാശാലയുടെ 61,000 ലാപ്ടോപ്പ് ഉടമ്പടിയുമൊക്കെ ഉബുണ്ടു ഉപയോഗിക്കാനുള്ളതാണ്. ആസാം ഇലക്ട്രോണിക് വികസന കോർപ്പറേഷൻ (ആംട്രോൺ) 28,000 ഉബുണ്ടു അധിഷ്ഠിത കമ്പ്യൂട്ടറുകൾ വിദ്യാർത്ഥികൾക്ക് വിതരണം

ചെയ്തിട്ടുണ്ട്.ഇന്ത്യയിലെ സുപ്രീം കോടതിയും മറ്റ് കോടതികളും 2011-ൽ ഉബുണ്ടുവിലോട്ട് മാറി.സുപ്രീം കോടതി ഇ-കമ്മറ്റി നിർദ്ദേശം അനുസരിച്ചായിരുന്നു ഇത്. മുമ്പ് കോടതികൾ റെഡ്ഹാറ്റ് ലിനക്സ് ആയിരുന്നു ഉപയോഗിച്ചിരുന്നത്.

## <u>കേരളത്തിൽ</u>

കേരളത്തിലെ ഗവൺമെന്റ്, എയിഡഡ്, അൺ എയിഡഡ് അംഗീകൃതം തുടങ്ങി ഒന്നാം ക്ലാസു മുതൽ പത്താം ക്ലാസ് വരെയുള്ള മുഴുവൻ പൊതുവിദ്യാലയങ്ങളിലും ഉബുണ്ടുവിലധിഷ്ഠിത വിവരസാങ്കേതികവിദ്യാപഠനമാണ് നടക്കുന്നത്. പത്താം ക്ലാസിലെ പൊതുപരീക്ഷയും ഉബുണ്ടുവിലാണ് നടക്കുന്നത്. ഗ്നു ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റം ഉബുണ്ടു 10.04 ആണ് നിലവിൽ സ്കൂളുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ തരം പുതിയ കമ്പ്യൂട്ടറുകളിലും ഉബുണ്ടു 12.04 ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതരത്തിലേക്ക് 32 ബിറ്റിനു പുറമെ 64 ബിറ്റ് രൂപവും തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ സ്കൂളുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഗ്നോം രണ്ട് ഇന്റർഫേസിനു പകരമായി ഗ്നോം മൂന്നാണ് പുതിയ ഓപ്പറേറ്റിങ് സിസ്റ്റത്തിലുള്ളത്. ഐ.ടി. സ്കൂൾ പ്രോജക്ട് വികസിപ്പിച്ച പുതുക്കിയ ഓപ്പറേറ്റിങ് സിസ്റ്റം ഉബുണ്ടു 12.04 ന്റെ പ്രകാശനം വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് 2013 ൽ നിർവ്വഹിച്ചു.

കോട്ടയം കളക്റ്ററേറ്റ് 2009 മുതൽ മറ്റ് ഓപ്പറേറ്റിങ് സിസ്റ്റങ്ങൾ പൂർണ്ണമായും ഒഴിവാക്കി ഉബുണ്ടു മാത്രമാണ് ഉപയോഗിക്കുന്നത്. 2009-ൽ കേരള നിയമസഭ, നിയമസഭാ സാമാജികർക്കു നൽകാനായി ഉബുണ്ടു 9.04, അല്ലെങ്കിൽ അതിലും പുതിയവ ഇൻസ്റ്റോൾ ചെയ്ത ലാപ് ടോപ്പുകൾക്കായി ടെൻഡർ വിളിക്കുകയും, സാമാജികർക്ക് ഉബുണ്ടു ഇൻസ്റ്റോൾ ചെയ്ത ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.




# AKKR HS FOR BOYS

# സൈബർ ജാലകം

## -A WINDOW TO WORLD OF COMPUTERS-

(ലിറ്റിൽ കൈറ്റ്സ് മാഗസിൻ)

# പൂക്കാതിരിക്കാനെനി-ക്കാവതില്ലേ

എനിക്കാവതില്ലേ  പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ   കണിക്കോന്നയല്ലേ
വിഷുക്കാലമല്ലേ    പുക്കാതിരിക്കാൻ
എനിക്കാവതില്ലേ വിഷുക്കാലമെത്തി
ക്കഴി  ഞ്ഞാലുറക്കത്തിൽ ഞാൻ ഞെട്ടി
ഞെട്ടിത്തരിക്കും, ഇരുൾതൊപ്പിപൊക്കി
പ്പതുക്കെ പ്രഭാതം ചിരിക്കാൻ ശ്രമിക്കൂ
പൂലർച്ചക്കുളിർക്കാറ്റ് വീശിപ്പറക്കും,
വിയൽപ്പക്ഷി ശ്രദ്ധിച്ചു നോക്കും
ഞരമ്പിൻ്ററയുള്ളിൽത്തിരക്കാ-
ണലുക്കിട്ട മേനിപ്പുളപ്പിന്നു
പൂവൊക്കെയെത്തിച്ചൊരുക്കിക്കൊടുക്കാൻ തിടുക്കം
തിടുക്കം ഉണങ്ങിക്കരിഞ്ഞെന്നു തോന്നിച്ചകൊമ്പിൻ
മുനമ്പിൽ തിളങ്ങുന്നു പൊന്നിൻ  പതക്കങ്ങൾ
എൻ താലി നിൻ താലി പൂതാലിയാടി-
ക്കളിക്കുന്ന കൊമ്പത്തു സമ്പത്തു കൊണ്ടാടി നിൽക്കും
കണിക്കൊന്നയേല്ലേ പുക്കാതിരിക്കാൻ എനിക്കാവതില്ലേ.

-ആദിത്യൻ

AKKR HS FOR BOYS

# ഒരു ദൈവ സന്ദേശം

കരയുന്ന ഭൂമിയുടെ കണ്ണീർ
തു ടയ്ക്കാൻ ഒരുങ്ങാതെ മക്കളെ
പോറ്റുന്ന ഭൂമിയുടെ
ദീനമാം രോദനം കേൾക്കുന്ന ഞാൻ
ഭൂമി പിളരുന്നു മരണമാം
വേദനയോടെ
കണ്ണുനീർ പൊഴിക്കുന്നു
താടകയെന്നു പോൽ
ഓർക്കുക മർത്യാ നീ
ജീവൻ തുടിപ്പുള്ള
ഭൂമിയാം ദേവിയെ നോവിച്ചാൽ
അനുഭവിക്കും നീ
ഒരുനാൾ

-അദ്വൈത് കൃഷ്ണ

AKKR HS FOR BOYS

# കെണിയിൽപ്പെട്ട പ്രാവുകൾ

ഒരിക്കൽ ഒരു കൂട്ടം പ്രാവുകൾ തീറ്റയന്വേഷിച്ച് പറക്കുകയായിരുന്നു.അപ്പോൾ അവ താഴെ ധാരകാളം ധാന്യമമികൾ കിടക്കുന്നതു കണ്ട് അവിടെ ഇറങ്ങി. ധാന്യമണികൾ തിന്നാൻ തുടങ്ങിയ ആ പ്രാവുകളെല്ലാം തഒരു വേടൻ വെച്ചിരുന്ന വലയിൽ കുടുങ്ങി.

" രക്ഷപ്പെടാൻ ഇനി എന്താണു മാർഗം?" അവർ തമ്മിൽ തമ്മിൽ ചോദിച്ചു .

"ഞാൻ പറയുന്നതുപോലെ ചെയ്താൽ നമുക്കല്ലാം രക്ഷപ്പെടാം."വൃദ്ധനായ ഒരു പ്രാവ് പറഞ്ഞു.

" ഞങ്ങൾ എന്താണു ചെയ്യേണ്ടത്?" മറ്റു പ്രാവുകൾ ചോദിച്ചു.

"വേടൻ വന്ന് നമ്മഴെ ഓരോരുത്തരെയായി പുറത്ത് എടുക്കും അപ്പോൾ ആരും പിടയാതെ ,ചത്തതുപോലെ കിടക്കണം.അവസാനത്തെ പ്രാവിനെ പുറത്തിട്ട ശേഷം വേടൻ വല മടക്കുമ്പോൾ ഞാൻ പറക്കും.

ഒപ്പം നിങ്ങളെല്ലാവരും പറക്കണം."വയസ്സൻ പ്രാവ് വിശദീകരിച്ചു.

പ്രാവുകളെല്ലാം മുത്തച്ഛൻപ്രാവ് പറഞ്ഞതുപോലെ പ്രവർത്തിച്ചു. വേടൻ അവസാനത്തെ പ്രാവിനെയും പുറത്തുവെച്ചതോടെ വൃദ്ധൻ ചിറകടിച്ചു പറന്നു. മറ്റു പ്രാവുകൾ ഒപ്പം പട-പടാ-പട-പടാ എന്ന ശബ്ദമുണ്ടാ ക്കി ആകാശത്തേക്കു പറന്നുയർന്നു.വേടൻ അതുകണ്ട് മാനത്തേക്കു നോക്കി വായും പിളർന്ന് നിന്നുപോയി.

-അക്ഷയ് സി

AKKR HS FOR BOYS

# ഹേ... പുഷ്പമേ...

വിരിയുക നീയെനി ൽ
വന്നണയുക പുഷ്പമേ...
മനം കുളിർകെ താരാട്ടു പാടാം ഞാൻ
എൻ മനസ്സിൽ മുഴുവന്നും, ഞാൻ-
നിൻ നിറച്ചാർത്ത് ചാർത്തീടാം.
എൻ സ്വപ്നങ്ങൾ കൊണ്ടൊരു-
പൂമാല ചാർത്തീടാം.
കറുകപുൽ മധുരത്തിൽ
പുളകം നുകർന്നു ഞാൻ
ഹൃദയാനുരാഗം മാറ്റിവയ്ക്കാം.
ആലിലകണ്ണനെ മാറോടടിപ്പിച്ച-
ദിവ്യ തേജസ്സുമായ് മുന്നിലെത്താം,
പുൽമുളം കാടിന്റെ പാഴ് സംഗീതം
എന്നുമേ നിനക്കായ് ഓർത്തുവയ്ക്കാം,
കിനാവിൽ നീ ഊറുമ്പോൾ...
ഉറക്കമുണരാതെ കിടന്നുകൊള്ളാം...
വേനൽ വെയിൽ കൊള്ളാതെ
മാറോട് ചേർക്കാം ഞാൻ,
പുതുമഴ കൊള്ളാത-
കുടിലിലിരിത്തീടാം,മാൻമിഴിയോരം-
നിറയാതെ നോക്കാം ഞാൻ,
എൻ മാനസമുറ്റത്തൊരു-
കളിവീടൊരുക്കീടാം,
കളിവീട്ടിലൊരു മുക്കിൽ
ഒരുമിച്ച് പ്രേമിക്കാം,
മരണത്തിൻ വാതിലിലും-
കൈക്കോർത്ത് നിന്നീടാം,
വിരിയുക നീയെന്നിൽ
വന്നണയുക പുഷ്പമേ
ഒരു കൊച്ചു കാറ്റിൽ കൊഴിഞ്ഞു വീഴാതെ
വിരിയുക നീയെൻ കളിവീടിൻ മുറ്റത്ത്

-അമൽ

AKKR HS FOR BOYS

# മാനുഷാ നീയിന്നു മാനവനോ?

മാറുന്ന കാലത്ത് മാറുമീ ലോകത്ത്
മാനുഷാ നീയിന്നു മാനവനോ?
എന്തിനും യുദ്ധമായി മാറുമീ ഭൂമിയിൽ
എന്തിനായി നീയിന്നു വാഴുന്നുവോ?
വേർപ്പിരിചീടുന്നു എന്തിനെയും നീ
വേർത്തിരിചീടുന്നു വർഗങ്ങളായി
നീയിന്നു നിന്നെയും കൊല്ലുമീ ദേശത്ത്
നാളയ്ക്കു വേണ്ടിയോ ആരു മർത്ത്യാ
നീ കൊല്ലുമാപ്പൂവു നൽകമീ ജീവിത
മെന്തിനായിനീയിന്നു തീർത്തിടുന്നു
ജാതിഭേദം വേണ്ട ജാതകം വേണ്ട
ഭാരതഭൂവിനെ നീ സ്മരിക്കൂ
കാലത്തിനോർമകൾ നീ സ്മരിക്കൂ
കാരാഗ്രഹത്തെയും നീ മറക്കൂ
മാറുന്ന കാലത്ത് മാറുമീ ലോകത്ത്
മാനുഷാ നീയിന്നു മാനവനോ?
മാനുഷാ നീയിന്നു മർക്കതടനോ?

- അതുൽ

AKKR HS FOR BOYS

# കേരളഗാനം

ജയജയ കോമള കേരളധരണി
ജയജയ മാമക പൂജിധ ജനനി,
മലയജസുരഭില മാരുതനേൽക്കും
മലയാളം  ഹാ! മാമകരജ്യം
കല്പകതരുനികരങ്ങൾ നിരകും
കല്പിതഭുവാണെന്നുടെ രാജ്യം!
കളകളമോതിയിവരുന്നൊരു
സലിലസമൃദ്ധം മാമകരജ്യ
തുഞ്ചശുകികളകണ്ഠനിനാദം
തഞ്ചും മാമകമോഹം മാമകഗേഹ
മാമകനാകം മാമകവിലയം!

- ഹനു കൃഷ്ണ

AKKR HS FOR BOYS

# പൂവ്

പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നലു വന്നു വിളി ച്ചാൽ പോവല്ലേ
പുലരി പുതു മഴയിൽ ഇതളു പൊഴിയ്ക്കല്ലേ
ഒരിതളും നീ പൊഴിയ്ക്കല്ലേ
പുതു മണ്ണിനു ചുടാനൊരു പൂവിതളും നല്കല്ലേ
ഈറൻ മുടിയിൽ ചുടാനൊരു പൂവിതളും നല്കല്ലേ
വെള്ളിനിലാവിലലി ഞ്ഞീ പുഞ്ചിരി മായ്ക്കല്ലേ
പൂവണ്ടിൻ പ്രണയം പൊള്ളാണേ....
നിന്നാടുള്ള പൂവണ്ടിൻ പ്രണയം പൊള്ളാണേ
അത് പൂന്തേനുണ്ണാനണയുവതാണേ
നിന്നെ കാണാനെന്നും കൊതിയാണേ....
എനിക്കു നിന്നെ കാണാനെന്നും കൊതിയാണേ....

- കാർത്തിക്

AKKR HS FOR BOYS

# പാടവരമ്പത്തിലെ പെണ്ണ്

പണ്ട് പാടവരമ്പത്തിലൂടെ ഒരു ഓലക്കുടയുംഎടുത്ത്
ചെറുനാറ് പറിക്കണകാലത്തന്ന് ഓടിനടന്നോരു പെണ്ണെ
കയ്യിൽ കരവളയിട്ട് കണ്ണിൽ കൺമഷി കൊണ്ട് വരച്ച്
പിന്നെ വാർമുടിയൊക്കെ വിരിച്ച് നല്ല ചേലുള്ള പാവാടയിട്ട്
ആ കാദോരത്തുള്ളൊരു കൈതോലതോടത്തിൻ ഓരത്തുനിൽക്കൊണരാൽമരത്തിൽ
ചോട്ടലിരിക്കണ ദേവിക്കു ചാർത്തുവാൻ പൂവുകൾ കൊണ്ടുപോയൊ പെണ്ണെ പൂവുകൾ കൊണ്ടുപോയൊ

[പണ്ട് പാടവരമ്പത്തിലൂടെ ഒരു ഓലക്കുടയുംഎടുത്ത്]
പാണന്റെ പാട്ടിനന്ന് താളം പിടിക്കും പെണ്ണ്
താളത്തിനൊത്ത് നല്ല ചുവട് വച്ചീടും
പാടത്തിൻ ഓരത്തവൾ എന്നും ഇരിക്കും
തെച്ചി പൂവ്പറിക്കാനായി മെല്ലെ നടക്കും
പാൽകാരൻ പയ്യനെകാണാൻ വാഗമരത്തിൻ മറവിലിരുന്ന്
ആരുമറയാതെയവളന്നെ മെല്ലെ നോകിടും
പിന്നെ പുഞ്ചിരി തൂകിടും[പണ്ട് പാടവരമ്പത്തിലൂടെ ഒരു ഓലക്കുടയുംഎടുത്ത്]

- മസിൻ മസ്റോയ്

# നക്ഷത്രവും പുവും

നക്ഷത്രമൊന്നിനെ കാട്ടി വാനം
മുക്കുറ്റിയോടു ചോദിച്ചു
ഉണ്ടോ ഒരെണ്ണം പണം-നിന
ക്കെന്നേടു മത്ധരംകുടാൻ
താണുപോയല്ലോ ശിരസ്സ്-ചെടി-
ക്കീറനായല്ലോ മിഴികൾ
ഇല്ലായ്മ സമ്മതിക്കുമ്പോൾ-വേറെ
വല്ലായ്മയെന്തുള്ളുപാരിൽ?
അന്നേരമുണ്ടോ ശിരസ്സിൽ-ഒരു
കു  ഞ്ഞുപൂവിൻെ വിരിയൽ
രത്നം പതിച്ചതു പോലെ - അതിൻ
കാന്തിയെങ്ങും ചിതറുന്നു
കണ്ണഞ്ചുമാറായി വ്യോമം - മണ്ണി -
ലിത്രയുണ്ടാവുമോ ചന്തം
നക്ഷത്രമെത്ര നിസ്സാരം - ഇതാ -
ഭൂമിയിലെ പൊന്നുതാരം !
അത്രയും താഴ്മയിൽനിന്നേ - വരു
ഇത്രയ്ക്കഴകു പൂവിന്നും

- നിവേദ് സി

AKKR HS FOR BOYS

# മാമ്പഴം

അങ്കണത്തെമാവിൻ
നിന്നാദ്യത്തെ പഴം വീഴ്കെ
അമ്മതൻ നേത്രത്തിൽ
നിന്നുതിർന്നു ചുടുകണ്ണീർ
നാലുമാസത്തിൻ
മുൻമ്പിലേറെനാൾ കൊതിച്ചിട്ടി
ബാലമാകന്തം
പൂവിട്ടുണ്ണികൾ വിരിയവെ
അമ്മതൻ മണിക്കുട്ടൻ
പൂത്തിരികത്തിച്ചപ്പോൾ
അമ്മലർ
ചെണ്ടൊന്നൊടിച്ചാഹ്ലാദിച്ചടുത്തെത്തീ
ചൊടിച്ചൂ മാതാവപ്പോൾ
ഉണ്ണികൾ വിരിഞ്ഞ
പൂവൊടിച്ചു കളഞ്ഞില്ലേ
കുസൃതിക്കുരുന്നേ നീ

-പ്രണവ്

AKKR HS FOR BOYS


# നീലശംഖുപുഷ്പങ്ങളുടെ താഴ്‌വര

നീലശംഖുപുഷ്പങ്ങളുടെ
താഴ്വരയിൽ....
ഒരു നാൾ ആരോടും പറയാതെ
അവൾ മാഞ്ഞുപോവും...
കാറ്റ്,മഞ്ഞിനോടും
മഞ്ഞ്,മഴയോടും
അവൾ പോതെങ്ങോട്ടെന്നു
എന്തിനായിരുന്നു
മറ്റാരും കേൾക്കാതെ അടക്കം
പറയും ...

-റിഥുൽ എൻ

AKKR HS FOR BOYS

# വൈക്കം മുഹമ്മദ് ബഷീർ



സുപ്രസിദ്ധ സാഹിത്യകാരനായ മുഹമ്മദ് ബഷീർ 1910 ൽ തലയോലപ്പറമ്പിൽ ജനിച്ചു.പിതാവ് അബ്ദു റഹ്മാൻ, മാതാവ് കുഞ്ഞാച്ചുമ്മ. വൈക്കം സ്ക്കൂളിൽ ഫിഫ്ത് ഫോറത്തിൽ പഠിക്കുമ്പോൾ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിലിൽ പോയി.തുടർന്ന് രാഷ്ട്രീയത്തിൽ മുഴുകി പല പ്രാവശ്യം ജയിൽ ജീവിതമനുഭവിച്ചു.ഒളിവിൽ നടന്ന കാലത്ത് ഭാരതം മുഴുവൻ ചുറ്റി നടന്നു.ആഫ്രിക്ക, അറേബ്യ എന്നീ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്.ബാല്യകാല സഖി, ശബ്ദങ്ങൾ തുടങ്ങി അനേകം പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.ന്റുപ്പുപ്പായ്ക്കൊരാനേണ്ടാർന്നു എന്ന പുസ്തകം കേന്ദ്ര സാഹിത്യ അക്കാദമി പതിനാലു ഭാഷകളിൽ തർജ്ജിമ ചെയ്യാൻ എടുത്തിട്ടുണ്ട്.

ഭാർഗ്ഗവീ നിലയം, ബാല്യകാലസഖി എന്നീ ചിത്രങ്ങളുടെ കഥയും സംഭാഷണവും ശ്രീ. ബഷീർ ആണ് എഴുതിയത്.

-സംഗീത്

# വേൾഡ് വൈഡ് വെബ് (സർവ്വലോകജാലി

വേൾഡ് വൈഡ് വെബ് ഇണയദള
പര്യായമാണെന്നു ഒരു തെറ്റിദ്ധാരണ
പ്രചാരത്തിലുണ്ട്. പരസ്പരം
ബന്ധപ്പെടുത്തിയിരിക്കുന്ന കമ്പ്യൂട്ടർ
ശൃംഖലകളുടെ ഒരു കൂട്ടമാണ് ജാലീശൃംഖല
അഥവാ ഇണയദളം. എന്നാൽ പരസ്പരം
ബന്ധപ്പെടുത്തിയിട്ടുള്ള പ്രമാണങ്ങളുടെ ഒരു
കൂട്ടമാണ് സർവ്വലോകജാലി അഥവാ വേൾഡ്
വൈഡ്
വെബ്. ഹൈപ്പർലിങ്കുകളും, യു.ആർ.എല്ലുകളും
ഉപയോഗിച്ചാണ് വേൾഡ് വൈഡ് വെബിലെ
പ്രമാണങ്ങൾ പരസ്പരം
ബന്ധപ്പെടുത്തിയിരിക്കുന്നത്. ചിത്രങ്ങൾ,
ശബ്ദങ്ങൾ, എച്ച്.റ്റി.എം.എൽ താളുകൾ,
പ്രോഗ്രാമുകൾ ഇങ്ങനെ വിവിധതരത്തിലുള്ള
പ്രമാണങ്ങൾ ഇണയദളവുമായി
ബന്ധപ്പെടുത്തിയിട്ടുള്ള
ഏതെങ്കിലും കമ്പ്യൂട്ടറിൽ സൂക്ഷിച്ചിരിക്കും.
വേൾഡ് വൈഡ് വെബ് സേവനം വഴിയാണ് ഈ
പ്രമാണങ്ങൾ ഉപയോക്താക്കൾക്ക് ലഭിക്കുന്നത്.

-ആകാശ്

# എന്തു നീ നേടുന്നു?

നിൽക്കുമോ നീയിന്നൊരു മിനിറ്റതു
നോക്കുവാൻ നിൻ ചുറ്റുമെന്തെനറിയുവാൻ,
എന്തിനായി പായുന്നു, എങ്ങുനീ പോകുന്നു
ഒന്നു നിന്നീടുമോ ഇന്നിവിടെ.
എന്തിനായിന്നുനീ കൂട്ടുന്നതീ തിരക്കി-
ന്നിതാ നിൻ അന്ത്യമുണ്ടാകുമോ?
മായ്ക്കുന്നതെന്തിനോ നീ നിന്റെ മോഹത്തെ,
മാറ്റുമോ ഏകമാമീ തിരക്കൊന്നിനെ.
ഉണർന്നു കിടക്കയിൽ നിന്നു തിരക്കുമായി
എന്തിനുറങ്ങുന്നു നീയീ തിരക്കുമായി.
ഒരു പിന്ചു മോഹവും സാഫല്യമാക്കാതെ
ജീവിച്ചൊടുങ്ങുന്നതെന്തിനുമാനവാ?
എന്തു നീ തേടുന്നു, എന്തു നീ നേടുന്നു
എന്തു നീ താങ്ങുന്നതീഭൂവിതിൽ.
മാറ്റാമം തിരക്കൊന്നു, മാറാം നമുക്കൊന്നു
മിഴികള്   തുറന്നിടാം പുന്ചിരിക്കാം.
ജീവിച്ചുനോക്കുനീ അങ്ങനെയിന്നൊന്ന-
തെന്തിനായി തീർത്തിതു യന്ത്രങ്ങളായി.
എന്തു നീ തേടുന്നു, എന്തു നീ നേടുന്നു
എന്തു നീ താങ്ങുന്നതീഭൂവിതിൽ!

-സംഗീത്

AKKR HS FOR BOYS

# ഒഴിവുദിവസം

പകലിന്നക്കരെമകരസന്ധ്യതൻരുതിരാജാല
കമടഞ്ഞിരിക്കുന്നന്നു
സ്മ്ത്രിജലം നിറച്ചൊരു ഹ്രദയത്തിൻ
സ്ഫ്ടികഭാജനമോഴിഞ്ഞിരിക്കുന്നു
ഘടികാരത്തിൽ ഞാൻ മറന്നകാലത്തിൻ
ചിറകടി പോലും നിറച്ചിരുന്നു

മനസ്സിലുള്ളതീ മരണവീടിന്റെ
മഹാമൗനം മാത്രം
ശിരസ്സിലുള്ളതീയപസ്മാരത്തിൻമുൾകിരീട
വും മാത്രം
ഒരുവെള്ളത്താളും
വരണ്ടപേനയും
മരവിപ്പും മാത്രം
അതിഥികളാരുംവരുവാനില്ലിനി
വിഫലസൗഹ്രതം പകരാനില്ലിനി
മിഴികളിൽ മഞ്ഞിൻ  യവനിക വീണു,
ഒരു വരിപോലും കുറിച്ചുവെയ്ക്കാതെ
എനിക്കുമാത്രം ഞാൻ മരിച്ചിരിക്കുന്നു.

-ശ്രീഷ്ണവ്

AKKR TTS FOR BOYS

# വേർപാട്

ഓളങ്ങൾ  നിലച്ചൊരീ കടപ്പുറത്ത്
മണൽ  തരികളില്ലാ ഇ കടൽ തീരത്ത്
കണ്ണുകൾ മേൽപ്പോട്ടായ് കിടക്കുമ്പോൾ
ഞാനിന്ന്, കണ്ണുനീർതുള്ളികൾ
കീഴോട്ട് പായുന്നു ദീർഘനിശ്വാസങ്ങൾ-
മേലോട്ട് പോകുന്നു....

ചലനം നിലച്ചൊരീ ജലപരപ്പേ...
ഇന്നലെ ഇളകിയതെന്തിനു നീ...
എന്നിൽ മോഹങ്ങൾ ഉണർത്തുവാനോ...?
അതോ,നിന്റെ കാപടുങ്ങൾ മറക്കുവാനോ...?
പൊട്ടി പൊളഞ്ഞൊരാ കൂത്താമ്പലങ്ങളിൽ-
കെട്ടിപിടിച്ചു ഞാൻ വാവിട്ടു കരയുമ്പോൾ-
എന്തിനു വന്നു നീ എന്നിൽ,
സുഖമുള്ള സ്വപ്നങ്ങൾ ഉണർത്തുവാനോ...

എങ്ങോ പെയ്തൊരാ മഴയിൽ
കുത്തിയൊലിച്ചൊരാ സ്വപ്നങ്ങളൊക്കെയും
പറ്റിപ്പിടിച്ചൊരാീ കടൽ തീരമത്രയും
നക്കി തുടയ്ക്കുവാൻ കോപമുണ്ടെനിക്കിന്ന്.
നാം കണ്ടൊരാ സ്വപ്നങ്ങൾ
മനസ്സിലുണ്ടിപ്പോഴും,
നാം തീർത്തൊരാ ഗീതങ്ങൾ
നെ  ഞ്ചിലുണ്ടിപ്പോഴും,
മറക്കുവാൻ ശ്രമിക്കാം ഞാൻ മരണത്തിലെങ്കിലും.

-ഉത്സാഹ് മോഹൻ

AKKR HS FOR BOYS

# പോകു പ്രിയപ്പെട്ട പക്ഷി

പോകു പ്രിയപ്പെട്ട പക്ഷി ,കിനാവിന്റെ
നീലിച്ച ചില്ലയിൽനിന്നും,നിനക്കായി
വേടന്റെ കൂരമ്പൊരുങ്ങുന്നതിൻമുമ്പ്
ആകാശമെല്ലാം നരയ്ക്കുന്നതിൻമുമ്പ്
ജീവനിൽനിന്നുമിലകൊഴിയും മുമ്പ്
പോകൂ തുളവീണ ശ്വാസകോശത്തിന്റെ
കൂടും വെടിഞ്ഞു
ചിറകാർന്നൊരോർമ്മപോൽ
പോകൂ,സമുദ്രമൊരായിരം നാവിനാൽ
ദൂരാൽ വിളിക്കുന്നു നിന്നെ.

പോകു,മരമം തണുത്ത ചുണ്ടാലെന്റെ
പ്രാണനെ ചുംബിച്ചെടുക്കുന്നതിൻമുമ്പ്
ഹേമന്തമെത്തി മനസ്സിൽ ശവക്കച്ച
മൂടുന്നതിൻമുമ്പ്,അന്ധസഞ്ചാരിതൻ
ഗാനം നിലയ്ക്കുന്നതിനമുമ്പ്,എന്റെയീ
വേദനതൻ കനൽച്ചില്ലയിൽനിന്നു നീ
പോകു പ്രിയപ്പെട്ട പക്ഷി...........

-വൈഷ്ണവ്

AKKR HS FOR BOYS

# ഇന്റർനെറ്റ്

ലോകത്തുള്ള ദശലക്ഷക്കണക്കിനു കമ്പ്യൂട്ടർ നെറ്റ്വർക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്ന മഹാ നെറ്റ്വർക്കിനെയും, അവ നൽകുന്ന വിവിധ സൗകര്യങ്ങളെയും പൊതുവായി ഇന്റർനെറ്റ് അഥവാ ജാലീശൃംഖല എന്നു വിളിക്കുന്നു. പാക്കറ്റ് സ്വിച്ചിങ് അടിസ്ഥാനമാക്കിയ ഇന്റർനെറ്റ് പ്രോട്ടോക്കോൾ എന്ന വിവരസാങ്കേതികവിദ്യയാണ് ഇണയദളം എന്ന ആശയം പ്രാവർത്തികമാക്കുവാൻ ഉപയോഗിക്കുന്നതു്. വിവരസാങ്കേതികവിദ്യ സേവനങ്ങളായ വേൾഡ് വൈഡ് വെബ്, പിയർ-റ്റു-പിയർ നെറ്റ്വർക്ക്, ചാറ്റ്, ഇലക്ട്രോണിക്-മെയിൽ, ഓൺലൈൻ ഗെയിമിങ്, വാർത്താ സെർവീസുകൾ, എന്നീ സേവനങ്ങൾ നൽകിപ്പോരുന്ന **ജാലീശൃംഖലയെ** പൊതുവെ **ജാലി (നെറ്റ്)** എന്നും വിശേഷിപ്പിക്കുന്നു.

പൊതുവായുള്ള ധാരണകൾക്ക് കടകവിരുദ്ധമായ വസ്തുതയാണ് ജാലീശൃംഖലയും സർവ്വലോകജാലിയും (വേൾഡ് വൈഡ് വെബ്) (WWW) പര്യായപദങ്ങൾ അല്ലെന്നുള്ളതു്. ജാലീശൃംഖല എന്നത് സൂചിപ്പിക്കുന്നത് പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്ന കമ്പ്യൂട്ടറുകളുടെ സമാഹാരമാകുമ്പോൾ വേൾഡ് വൈഡ് വെബ് എന്നുള്ളത് ജാലി എന്ന മാധ്യമം ഉപയോഗിച്ചു പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്ന ഇലക്ട്രോണിക്-ഡോക്യുമെന്റുകളുടെ സമാഹാരത്തെയും സൂചിപ്പിക്കുന്നു.

-യദുദേവ്

# സന്തോഷത്തിൻറെ രഹസ്യം

ഒരിക്കൽ സാരംഗ് എന്ന യുവാവ് ഒരു ദിവ്യൻെറ്റ അടുത്തെത്തി പറഞ്ഞു :
“ജീവിതത്തിൽ ഒട്ടും സന്തോഷമില്ല. കുറേ പണം കിട്ടിയാൽ സന്തോഷിക്കുമായിരുന്നു"
ദിവ്യൻ അതു ശ്രദ്ദയോടെ കേട്ടു .എന്നിട്ടു പറഞ്ഞു :
“എങ്കിൽ ഇന്ന് രാത്രി നീ ഗംഗാ നദിക്കരയിലെ മരച്ചുവട്ടിൽ ചെന്നിരിക്കുക ആഗ്രഹം നടക്കും " സാരംഗ് രാത്രി ഗംഗാ നദിക്കരയിലെത്തി. പക്ഷേ, മരച്ചുവട്ടിൽ കൂരിരുട്ടിൽ ഏറെ നേരം കാത്തിരുന്നിട്ടും ഒന്നും സംഭവിച്ചില്ല. നിരാശയും സങ്കടവും സഹിക്കാതെ സാരംഗ് ചുറ്റിലുമുള്ള കല്ലുകൾ പെറുക്കി നദിയിലേക്ക് വലിച്ചെറിയാൻ തുടങ്ങി.കുറേ കഴിഞ്ഞപ്പോൾ അതാ വരുന്നു ആ ദിവ്യൻ!
ദിവ്യൻ പറഞ്ഞു : “ ഇവിടെ പണ്ടൊരു രത്നഖനിയുണ്ടായിരുന്നു. നീ പെറുക്കി നദിയിലേക്കിട്ടത് അതിലെ ഉപേക്ഷിക്കപ്പെട്ട രത്നക്കല്ലുകളായിരുന്നു. നിരാശയും അത്യാർത്തിയും കാരണം അതിൻറെ തിളക്കം നിൻറെ കണ്ണിൽപ്പെട്ടില്ല. ചുറ്റുമുള്ള കൊച്ചുകാര്യങ്ങളിൽ സന്തോഷം കണ്ടെത്താത്തവന് എത്ര പണം കിട്ടിയാലും സന്തോഷമുണ്ടകില്ല.”

AKKR HS FOR BOYS

-സാരംഗ്

# സൈബർ ജാലകം

AKKR HS FOR BOYS

## -A WINDOW TO WORLD OF COMPUTERS-

(ലിറ്റിൽ  കൈറ്റ്സ് മാഗസിൻ)



**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2019 -2021**

AKKR HS FOR BOYS

**THE END**